# സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്,
തിരുവനന്തപുരം-1, 0471-2337790

## ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ഏറ്റുമാനൂർ ഗ്രൂപ്പിലെ കടുത്തുരുത്തി ദേവസ്വം വക ഷോപ്പിംഗ് കോപ്ലക്സിലെ ഗ്രൗണ്ട് ഫ്ളോറിൽ ഇനിയും ലേലം നടക്കാത്ത കടമുറികളും ബാക്കിയുള്ള എല്ലാ നിലകളിലേയും കടമുറികളുടെയും ലേലം പലിശ രഹിത ഡിപ്പോസിറ്റ് അടിസ്ഥാനത്തിൽ 27-11-2019പകൽ 11 മണിക്ക് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്തു വാടകക്ക് നല്കുന്നതാണ്. ഡെപ്പോസിററ് വിവരങ്ങൾ അടങ്ങിയ സ്റ്റേററ്മെന്റ് ഇതോടൊപ്പം ചേർക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ കടമുറിയ്ക്ക് 50,000/- രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്. പ്രസ്തുത തുകയ്ക്കുള്ള നിരത ദ്രവ്യത്തോട്കൂടിയ മത്സരസ്വഭാവമുള്ള ക്വട്ടേഷനുകളും ലേലസമയത്തിന് മുമ്പാകെ ഹാജരാക്കാവുന്ന താണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന/ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരിൽ ലേല നടപടികൾ അവസാനിപ്പിക്കുന്നതാണ്. ഏറ്റവും കൂടുതൽ തുക വിളിച്ച/ക്വട്ടേഷൻ തന്നയാൾ ടി തുകയുടെ നേർപകുതി ലേലം കഴിഞ്ഞാലുടൻ ലേലസമയത്ത് തന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, നിരാകരിക്കുന്നതിനുമുള്ള പരമാധികാരം ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും. മാസവാടകക്ക് പുറമെ കറന്റ് ചാർജ്, വാട്ടർ ചാർജ്, ബിൽഡിംഗ് ടാക്സ് മറ്റ് സർക്കാർ നികുതികൾ മുതലായവ ലേലക്കാരൻ വഹിക്കേണ്ടതാണ്. ലേലം അംഗീകരിച്ചു വരുന്നമുറയ്ക്ക് ബാക്കിതുക അറിയിപ്പ് തീയതി മുതൽ 10 ദിവസത്തിനകം അടച്ച് നിയമാനുസൃതമായ എഗ്രിമെന്റ് വയ്ക്കേണ്ടതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഏറ്റുമാനൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ്, എസ്റ്റേററ് ഡിവിഷൻ ഓഫീസ് എന്നിവിടങ്ങളിൽ എല്ലാ പ്രവർത്തനസമയങ്ങളിലും അറിയാവുന്നതാണ്.

No.1032
12.11.2019

for രഞ്ജിത്ത് കെ.ശേഖർ
എക്സിക്യൂട്ടീവ് എഞ്ചിനീയർ

തിരുവനന്തപുരം
11/11/2019

1. വിവരം അറിയുന്നതിനും വേണ്ട നടപടിക്കുമായി പകർപ്പ് ഏറ്റുമാനൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർക്ക് അയക്കുന്നു.
2. വിവരം അറിയുന്നതിനും വേണ്ട നടപടിക്കുമായി പകർപ്പ് ഏറ്റുമാനൂർ അസിസ്റ്റന്റ് എഞ്ചിനീയർക്ക് അയക്കുന്നു.
3. വിവരം അറിയുന്നതിനും വേണ്ട നടപടിക്കുമായി പകർപ്പ് ഏറ്റുമാനൂർ ദേവസ്വം സബ് ഗ്രൂപ്പാഫീസർക്ക് അയക്കുന്നു.